പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 670 — 07.01.2014-ൽ മറുപടിക്ക്

## പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭകരമാക്കുന്നതിനും തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) യും ബി)യും<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അവയുടെ പ്രവർത്തനം വകുപ്പ് തലത്തിൽ അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും പ്രത്യേകമായി വിശദമായ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 182 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 34.04 കോടി രൂപ സർക്കാരിന് ഡിവിഡന്റിനത്തിൽ |
| ബി) | ഇപ്രകാരം പൊതുമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; | |

| | | |
|---|---|---|
| | | നൽകി.ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ CRS പദ്ധതി പ്രകാരം കൂടുതൽ സഹായങ്ങൾ വിതരണം ചെയ്തു. കമ്പനികളുടെ കുടിശ്ശികയായിരുന്ന ആഡിറ്റുകൾ പൂർത്തീകരിച്ചു. ഇ-പ്രൊക്യൂർമെന്റ്, ഇ-ടെൻഡർ, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കിയതിലൂടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കി.. |
| സി) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ,വെല്ലുവിളികൾ അതിജീവിച്ച് മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ? | ആഗോളവത്ക്കരണത്തിന്റെ ഫലമായി പൊതു മേഖലാ സ്ഥാപനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സഹായങ്ങളും നടപടികളുമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. |

സെക്ഷൻ ഓഫീസർ